## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് -കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 85 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 82 പ്രകാരവും സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

## തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

സ.ഉ (ആർ.ടി) നം. 2343/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 19/09/2013

==========================================================

പരാമർശം :-1. കൊല്ലം കോർപ്പറേഷൻ സെക്രട്ടറിയുടെ 14/08/12-ലെ PW8/46813/12 നമ്പർ കത്ത്

### ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് നിർമ്മാണം, മറ്റ് വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി സൗജന്യമായി സ്ഥലം വിട്ട് കൊടുത്തിട്ടുള്ളവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളിൽ ഇളവ് നൽകുന്നതിനായി കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 85, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 82 പ്രകാരം അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.നിരവധി കോർപ്പറേഷനുകളും, മുൻസിപ്പാലിറ്റികളും, പഞ്ചായത്തുകളും റോഡ് വികസനത്തിനും മറ്റു വികസന പ്രവർത്തനങ്ങൾക്കും സ്ഥലം സറണ്ടർ ചെയ്യുന്നവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഇളവ് അനുവദിക്കുന്നതിനായി ചട്ട പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 85, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 82 പ്രകാരം റോഡ് വികസനത്തിനും മറ്റു പൊതു ആവശ്യങ്ങൾക്കായും സ്ഥലം സറണ്ടർ ചെയ്യുന്നവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിന്നും ഇളവനുവദിക്കുന്നതിനായി സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഇപ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് നേടുന്നതിനുള്ള അപേക്ഷകൾ പരിഗണിച്ച് തീരുമാനമെടുക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കേണ്ട സ്പെഷ്യൽ കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരം ആയിരിക്കേണ്ടതാണ്.

a) കോർപ്പറേഷൻ മേയർ/ നഗരസഭാ ചെയർപേഴ്സൺ/പഞ്ചായത്ത് പ്രസിഡന്റ് (കമ്മിറ്റിയുടെ ചെയർപേഴ്സൺ)

b) പ്രസ്തുത പ്രദേശത്ത് വികസന അതോറിറ്റി ഉണ്ടെങ്കിൽ അതിന്റെ ചെയർപേഴ്സൺ

c) ജില്ലാ നഗരാസൂത്രണ വകുപ്പിലെ സീനിയർ ടൗൺ പ്ലാനർ/ ടൗൺ പ്ലാനർ അല്ലെങ്കിൽ അധികാരപ്പെടുത്തുന്ന ഡപ്യൂട്ടി ടൗൺ പ്ലാനറിന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ

d) പ്രസ്തുത പ്രദേശത്തിന്റെ അധികാരപരിധിയിൽ വരുന്ന പൊതുമരാമത്ത് (റോഡ്സ്) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അല്ലെങ്കിൽ അധികാരപ്പെടുത്തുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ

e) പ്രസ്തുത പ്രദേശത്തിന്റെ അധികാരപരിധിയിൽ വരുന്ന പൊതുമരാമത്ത് (കെട്ടിടം) വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അല്ലെങ്കിൽ അധികാരപ്പെടുത്തുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിന്റെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ

f) പ്രസ്തുത പ്രദേശത്ത് വികസന അതോറിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ ടൗൺ പ്ലാനർ അല്ലെങ്കിൽ അധികാരപ്പെടുത്തുന്ന ഡപ്യൂട്ടി ടൗൺ പ്ലാനറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ

g) തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി (കമ്മിറ്റിയുടെ കൺവീനർ)

h) ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും വകുപ്പിന്റെയോ, സ്ഥാപനങ്ങളുടേയോ, സംഘടനകളുടേയോ ഒന്നോ രണ്ടോ പ്രതിനിധികളെ കമ്മിറ്റിക്ക് ആവശ്യമെങ്കിൽ ഉൾപ്പെടുത്താവുന്നതാണ്.

പുതിയ റോഡ് നിർമ്മാണം, നിലവിലെ റോഡിന് വീതി കൂട്ടൽ, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, റോഡ് സ്ട്രക്ച്ചറുമായി ബന്ധപ്പെട്ട ഏതൊരു സൗകര്യത്തിന്റെയും വികസനം എന്നിവയ്ക്ക് സ്ഥലം സൗജന്യമായി വിട്ടു നൽകിയിട്ടുള്ളവർ ചട്ടങ്ങളിൽ ഇളവ് ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകൾ ചട്ടങ്ങളിലെ നിബന്ധനകൾക്കനുസൃതമായി കമ്മിറ്റി പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണ്. സ്പെഷ്യൽ കമ്മിറ്റി വിളിച്ച് ചേർക്കുന്നതിനുള്ള തുടർനടപടികൾ കൺവീനർ സ്വീകരിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ജയിംസ് വർഗീസ്,**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറകടർമാർക്കും
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ,(കൊല്ലം, കൊച്ചി, കോഴിക്കോട്)
സെക്രട്ടറി കോർപ്പറേഷൻ( തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ,കോഴിക്കോട്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, പ്രതീക്ഷാ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം - 695581
(തദ്ദേശസ്വയംഭരണവകുപ്പിന്റെയുംമറ്റ്സർക്കാർവെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ലിക് റിലേഷൻസ് ഡയറക്ടർ(പത്രമാധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റി നൽകാൻ നടപടിയെടുക്കേണ്ടതാണ്).

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**